## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4580** — **04.02.2014 ൽ മറുപടിക്ക്**

## ഉത്സവകാലങ്ങളിൽ സിവിൽ സപ്ലൈസ്കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലെ വിലനിലവാരം

**ചോദ്യം**
**ശ്രീ.എം.എ. ബേബി:**

**ഉത്തരം**
**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) 2012 ലെ ഓണം, റംസാൻ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലറ്റുകൾ വഴി വിറ്റുകൊണ്ടിരുന്ന അവശ്യസാധനങ്ങളുടെ വില കിലോഗ്രാമിന് എത്ര രൂപയായിരുന്നു; ആ ഘട്ടത്തിൽ ഓരോ സാധനത്തിനും നൽകിവന്ന സബ്സിഡി എത്ര രൂപ വീതമായിരുന്നു;

(ബി) ഇത് 2013-ലെ ഓണം, റംസാൻ കാലത്ത് എത്രയായിരുന്നു; എത്ര ശതമാനം വീതം വർദ്ധന ഓരോ അവശ്യ സാധനങ്ങളുടെ വിലയിലുമുണ്ടായി; മുൻ വർഷത്തെ അപേക്ഷിച്ച് 2013 ൽ ഏതെല്ലാം സാധനങ്ങളുടെ സബ്സിഡി കുറയ്ക്കുകയുണ്ടായി; വിശദമാക്കാമോ;

(എ) യും (ബി) യും: 2012 ഓണം, റംസാൻ കാലത്തെയും 2013 ഓണം, റംസാൻ കാലത്തെയും ഓരോയിനം അവശ്യ സാധനങ്ങളുടെ സബ്സിഡി വിലയും പൊതുവിപണി വിലയും സബ്സിഡി ഇനത്തിൽ നൽകിയിരുന്ന ആനുകൂല്യവും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2012 ഓണം റംസാൻ | | | 2013 ഓണം റംസാൻ | | |
|---|---|---|---|---|---|---|---|
| | | സബ്സിഡി വില കിലോഗ്രാമിന് | പൊതുവിപണി വില | സബ്സിഡി ആനുകൂല്യം | സബ്സിഡി വില കിലോഗ്രാമിന് | പൊതുവിപണി വില | സബ്സിഡി ആനുകൂല്യം |
| 1 | ചെറുപയർ | 49.00 | 74.14 | 25.14 | 55.00 | 76.50 | 21.50 |
| 2 | ഉഴുന്ന് (ഹോൾ) | 36.00 | 71.29 | 35.29 | 42.00 | 66.07 | 24.07 |
| 3 | വൻകടല | 44.00 | 75.50 | 31.50 | 45.00 | 64.21 | 19.21 |
| 4 | വൻപയർ | 26.50 | 73.07 | 46.57 | 35.00 | 59.57 | 24.57 |
| 5 | തുവരപ്പരിപ്പ് | 34.00 | 77.93 | 43.93 | 45.00 | 78.28 | 33.29 |
| 6 | മുളക് | 45.00 | 79.57 | 34.57 | 55.00 | 86.79 | 31.79 |
| 7 | മല്ലി | 45.90 | 70.07 | 24.17 | 60.00 | 91.29 | 31.29 |
| 8 | പഞ്ചസാര | 25.00 | 39.43 | 14.43 | 26.00 | 34.25 | 8.25 |
| 9 | പച്ചരി | 16.00 | 26.00 | 10.00 | 21.00 | 27.80 | 6.80 |
| 10 | മട്ട അരി | 16.00 | 28.67 | 12.67 | 21.00 | 36.80 | 15.80 |
| 11 | കുറുവ അരി | 19.00 | 28.20 | 9.20 | 21.00 | 30.00 | 9.00 |
| 12 | ജയ അരി | 21.00 | 28.00 | 7.00 | 21.00 | 32.50 | 11.50 |
| 13 | വെളിച്ചെണ്ണ | 62.00 | 81.50 | 19.50 | 62.00 | 92.00 | 30.00 |

അവശ്യ വസ്തുക്കളുടെ വിപണിവില പുനർനിർണ്ണയിച്ചു. എങ്കിലും സാധനങ്ങളുടെ ലഭ്യത വളരെയധികം വർദ്ധിപ്പിച്ചു. സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണിയേക്കാൾ ശരാശരി 30 മുതൽ 50% വരെ കുറവാണ്. വിലക്കയറ്റത്തിൽ നിന്ന് സാധാരണ ജനങ്ങൾക്ക് ആശ്വാസമാണ് സപ്ലൈകോയിൽ നിന്ന് സബ്സിഡി നിരക്കിൽ ലഭിക്കുന്ന അവശ്യ വസ്തുക്കൾ, പൊതുവിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ, സബ്സിഡി ആനുകൂല്യം ചില ഇനങ്ങൾക്ക് മാത്രം അൽപ്പം കുറച്ചും മറ്റ് ചില ഇനങ്ങൾക്ക് അൽപ്പം വർദ്ധിപ്പിച്ചും കൂടുതൽ അളവിൽ സാധനങ്ങൾ വിതരണം ചെയ്തതുമൂലം അവശ്യസാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ വർദ്ധിക്കുകയും ഇത് മൂലം പൊതുവിപണി വില ഫലപ്രദമായി പിടിച്ചു നിർത്തുവാൻ സാധിക്കുകയും ചെയ്തു. സപ്ലൈകോ സബ്സിഡി വില പുനർനിർണ്ണ

യിച്ചതിനോടൊപ്പം അവയുടെ ലഭ്യതകൂടി ഉറപ്പുവരുത്തിയതിനാൽ കൂടുതൽ ജനങ്ങൾക്ക് അവ ആവശ്യാനുസരണം ലഭ്യമായി. കണക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2012 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത സബ്സിഡി സാധനങ്ങളുടെ അളവ് (ക്വിന്റൽ) | 2013 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത സബ്സിഡി സാധനങ്ങളുടെ അളവ് (ക്വിന്റൽ) |
|---|---|---|---|
| 1 | പരിപ്പ്, പയർവർഗ്ഗങ്ങൾ | 56632.38 | 86679.95 |
| 2 | മുളക്,മല്ലി എന്നിവ | 16524.93 | 22359.00 |
| 3 | പഞ്ചസാര | 63224.86 | 72138.24 |
| 4 | വെളിച്ചെണ്ണ | 3455.03 | 9845.55 |
| 5 | അരി (4 ഇനങ്ങൾ) | 215441.00 | 476924.70 |

ആയതിനാൽ വില പുനർനിർണ്ണയം ചെയ്തുവെങ്കിലും കൂടുതൽ സബ്സിഡി സാധനങ്ങൾ എത്തിക്കുക വഴി കൂടുതൽ ജനങ്ങൾക്ക് ഈ നടപടി ആശ്വാസകരമായി. തന്മൂലം വിപണി ഇടപെടൽ ഫലപ്രദമായതിനു പുറമേ പൊതു വിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുവാനും സാധിച്ചു.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലറ്റുകളുടെ എണ്ണത്തിൽ 2013 ഓണം റംസാൻ കാലത്ത് ഉണ്ടായ വർദ്ധന എത്ര? 2012 ലെ ഓണം, റംസാൻ കാലത്തെ വിറ്റു വരവ് മൊത്തം എത്ര; ഇത് 2013 ൽ എത്രയായി വർദ്ധിച്ചു; മുൻവർഷത്തെ അപേക്ഷിച്ച് ആനുപാതി കമായ വർദ്ധന ഉണ്ടായിട്ടില്ലാത്ത തിന്റെ കാരണം വെളിപ്പെടു ത്താമോ?

(സി) 2013 ഓണം, റംസാൻ കാലത്ത് 9 പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചതിനു പുറമെ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 60 പഞ്ചായത്തുകളിൽ പ്രത്യേകം ഓണച്ചന്തകൾ നടത്തുകയുണ്ടായി. കൂടാതെ 6 മെട്രോ ഫെയറുകളും 13 ടൗൺ പീപ്പിൾസ് ബസാറുകളും നടത്തി. ഇതിന് പുറമെ ആറ്റിങ്ങൽ, പാമ്പാടി, കോന്നി, നീരിക്കോട്, ചെങ്ങന്നൂർ, മണ്ണാർകാട്, വണ്ടൂർ, നെടുമങ്ങാട്, പാലാ ടൗൺ, കട്ടപ്പന, ഹരിപ്പാട്, കൊടുങ്ങല്ലൂർ, വേങ്ങര ടൗൺ, ശ്രീകണ്ഠാപുരം, ചെറുവാഞ്ചേരി തുടങ്ങിയ 15 സ്ഥലങ്ങളിൽ സ്പെഷ്യൽ ഓണം ഫെയറുകളും നടത്തി. ഇത് 2012 വർഷത്തെ അപേക്ഷിച്ച് 66 എണ്ണം കൂടുതലാണ്.

2012 ഓണം, റംസാൻ കാലത്തെ (ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ) മൊത്തം വിറ്റുവരവ് 501.84 കോടി രൂപയാണ്.

2013 ഓണം, റംസാൻ കാലത്തെ (ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ) മൊത്തം വിറ്റുവരവ് 602.83 കോടി രൂപയാണ്.

2012 വർഷത്തെ അപേക്ഷിച്ച് 2013ൽ ഓണം, റംസാൻ കാലത്ത് 100.99 കോടി രൂപയുടെ അധിക വിറ്റ് വരവ് ഉണ്ടായിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ